പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1766

04.12.2018 ൽ മറുപടിക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓൺലൈൻ സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) വിവര വിനിമയ സാങ്കേതിക വിദ്യ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക, പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുക എന്നിവ ലക്ഷ്യമാക്കി എൽ.എസ്.ജി.ഡി. എന്റർപ്രൈസ് സൊല്യൂഷൻ സോഫ്റ്റ്‌വെയറിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങളെ പൂർണ്ണമായും കടലാസുരഹിതമാക്കുന്നതിനും ഇതു വഴി സാധിക്കും. നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങളും സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളും ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വിവരസാങ്കേതിക വിദ്യയിലൂന്നി ഇൻഫർമേഷൻ കേരള മിഷൻ |

മുന്നോട്ട് വയ്ക്കുന്ന നൂതന ആശയമാണ് സ്മാർട്ട് പഞ്ചായത്ത്, സ്മാർട്ട് മുനിസിപ്പാലിറ്റി എന്നിവ. പൗരനെപ്പറ്റി ലഭ്യമായ വിവരങ്ങൾ, ബാധകമായ സേവനങ്ങൾ, സ്കീമുകൾ എന്നിവയെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അറിയുന്നതിനും സേവനങ്ങൾ ജനങ്ങളുടെ വീട്ട് മുറ്റത്ത് എത്തിക്കുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. ഇതിനു പുറമെ സ്മാർട്ട് സിസ്റ്റം, സ്മാർട്ട് ടെക്നോളജി, സ്മാർട്ട് പീപ്പിൾ, സ്മാർട്ട് പ്രോസസ്സ്, സ്മാർട്ട് ലൈഫ്, എം-ഗവേണൻസ്, ഇ-ഗവേണൻസ് തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം സേവനങ്ങളാണ് നിലവിൽ ഓൺലൈനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട് .

സെക്ഷൻ ഓഫീസർ.

അനുബന്ധം

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഓൺലൈൻ സേവനങ്ങൾ

**പൊതുജനങ്ങൾക്ക്**

1. ജനന സർട്ടിഫിക്കറ്റ്
2. മരണ സർട്ടിഫിക്കറ്റ്
3. നിർജ്ജീവ ജനന സർട്ടിഫിക്കറ്റ്
4. വിവാഹ സർട്ടിഫിക്കറ്റ് - പൊതു വിവാഹം
5. വിവാഹ സർട്ടിഫിക്കറ്റ് - ഹിന്ദു വിവാഹം
6. വിവാഹ രജിസ്ട്രേഷൻ (പൊതു) ഇ-ഫയലിംഗ്
7. ജനന സർട്ടിഫിക്കറ്റിൽ പേരു ചേർക്കൽ ഇ-ഫയലിംഗ്
8. Non Availability Certificate (ജനന രജിസ്ട്രേഷൻ)
9. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
10. കെട്ടിട നിർമ്മാണ അനുമതി
11. സ്ഥലം ഡെവലപ്പ്മെന്റിനുള്ള അനുമതി
12. ഓക്യുപെൻസി അനുമതി
13. കിണർ നിർമ്മാണത്തിനുള്ള അനുമതി
14. ടെലി കമ്യൂണിക്കേഷൻ ടവറുകളുടെ നിർമ്മാണാനുമതി
15. കെട്ടിട നിർമ്മാണ പെർമിറ്റ് കൈമാറ്റം ചെയ്യൽ
16. കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി നീട്ടൽ
17. കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി പുതുക്കൽ
18. കുടിൽ നിർമ്മാണം 220B,235B വകുപ്പുകൾ അനുസരിച്ചുള്ള അനുമതികൾ
19. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
20. അഗതി പെൻഷൻ (വിധവകൾക്കും, വിവാഹമോചിതർക്കും)
21. വികലാംഗ പെൻഷൻ
22. കർഷക തൊഴിലാളി പെൻഷൻ
23. 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ
24. കെട്ടിട നികുതി ഇ-പേയ്മെൻറ്
25. കെട്ടിട നികുതി അന്വേഷണം
26. അപേക്ഷ നിജസ്ഥിതി അന്വേഷണം
27. വ്യാപാരങ്ങൾക്കുള്ള ലൈസൻസ് (D& O)
28. പരാതി പരിഹാരം (ഫോർ ദി പീപ്പിൾ)
29. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് എസ്.എം.എസ്. അലേർട്ട്
30. വിദ്യാർത്ഥികളുടെ ഹാജർ നില എസ്.എം.എസ്. അലേർട്ട്

**ഭരണ നിർവ്വഹണം**

- സിവിൽ രജിസ്ട്രേഷൻ (സേവന)
- ഡബിൾ എൻട്രി അക്കൌണ്ടിംഗ് (സാംഖ്യ)
- പദ്ധതി നിർവ്വഹണം (സുലേഖ)
- യോഗ തീരുമാനങ്ങൾ (സകർമ്മ)
- സാമൂഹ്യ സുരക്ഷാ പെൻഷനുകൾ (സേവന പെൻഷൻ)
- വസ്തുനികുതി (സഞ്ചയ)
- കെട്ടിട നിർമ്മാണ പെർമിറ്റ് (സങ്കേതം)
- ഡി ആൻറ് ഒ ലൈസൻസ് (സഞ്ചയ)

- കോർഡിനേഷൻ സമിതി മീറ്റിംഗ്
- ആരോഗ്യ ശുചീകരണം (ശുചിത്വ ജാഗ്രതാ പോർട്ടൽ)
- Accounting Audit verification
- ലൈഫ് പദ്ധതി നിർവ്വഹണം
- പ്രളയ ബാധിത വീടുകളുടെ സർവ്വേ (Rebuild Kerala)
- ഗ്രാമസഭാ പോർട്ടൽ
- തദ്ദേശ സ്ഥാപനങ്ങളുടെ വെ സൈറ്റ്(സംവേദിത)
- തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും ഔദ്യോഗിക വെബ് സൈറ്റ് (സംവേദിത)

**ജീവനക്കാര്യം**

- സ്ഥാപന പെൻഷൻ - സർവീസ് പെൻഷൻ
- സ്ഥാപന പി.എഫ്. പഞ്ചായത്തുകൾ (KPEPF)
- സ്ഥാപന പി.എഫ്. നഗരസഭകൾ (KMPECPF)
- നഗരസഭാ ജീവനക്കാരുടെ സ്ഥലംമാറ്റം